## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 3758** — **20.10.2016** ൽ മറുപടിയ്ക്ക്

### പട്ടയം അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എറണാകുളം ജില്ലയിലുള്ള കുമ്പളങ്ങി പഞ്ചായത്തിലെ പത്താം വാർഡിൽ രണ്ടുതെങ്ങുംതറ പൂവാടി വീട്ടിൽ താമസിക്കുന്നവരും പുലയസമുദായാംഗങ്ങളുമായ ആർ. പി. ശ്രീധരൻ, ആർ.എസ്.സന്തോഷ് എന്നിവർക്ക് അനുവദിച്ചിരിക്കുന്ന പട്ടയം ഒപ്പിട്ടു നൽകാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ)&(ബി)<br>ശ്രീ.ആർ.പി.ശ്രീധരൻ, ശ്രീ.ആർ.എസ്.സന്തോഷ്, രണ്ടുതെങ്ങുംതറ വീട്, കുമ്പളങ്ങി എന്നിവർക്ക് 30/10/2013-ൽ ക്രയ സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നു. 1970 മുതൽ ടി വസ്തുക്കൾ കൈവശത്തിലാണ് എന്നത് സംബന്ധിച്ച രേഖകൾ കക്ഷികൾക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ടി വസ്തുക്കളുടെ മുൻ ആധാരങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയതും കക്ഷികൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ജപ്തി രഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ വിശദമായ റിപ്പോർട്ട് തഹസിൽദാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കാവുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ